പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5466 24/05/2017 ൽ മറുപടിക്ക്

**പി.എസ്.സി .സ്റ്റാഫ് നഴ്സ് പരീക്ഷയുമായി ബന്ധപ്പെട്ട അന്വേഷണം**

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) | 2015 ലെ പി.എസ്.സി സ്റ്റാഫ് നഴ്സ് പരീക്ഷയിൽ ഒരു ഗൈഡിൽ നിന്നുള്ള ചോദ്യങ്ങൾ കൂട്ടത്തോടെ ഉൾപ്പെട്ടതിന്റെ പേരിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; | (എ, ബി,സി,ഡി & ഇ )<br>ടി വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നില്ല. |
| ബി) | എങ്കിൽ 2016 ഏപ്രിൽ 29 ന് നടന്ന ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് പരീക്ഷയിൽ 59 ചോദ്യങ്ങൾ കൂട്ടത്തോടെ ഗൈഡിൽ നിന്ന് പകർത്തിയതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | |
| സി) | 2015 ൽ നടന്ന പരീക്ഷയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെങ്കിൽ നിലവിലെ സാഹചര്യത്തിൽ ചോദ്യകർത്താക്കൾ കൂടുതൽ സൂക്ഷ്മത പുലർത്തണമെന്ന് പി.എസ്.സി നിർദ്ദേശിച്ചിരുന്നോ; | |
| ഡി) | നഴ്സിംഗ് പരീക്ഷയുടെ സിലബസിന്റെ പരിമിതിയാണ് ഗൈഡിൽ നിന്നുള്ള ചോദ്യങ്ങൾ കടന്നുകൂടാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ; | |
| ഇ) | എങ്കിൽ പി.എസ്.സി ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ? | |

Rashmi

സെക്ഷൻ ഓഫീസർ